**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **22-02-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിലെ പിഴവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) ൽ ഡാറ്റാ എൻട്രി വരുത്തിയപ്പോൾ നിരവധി തെറ്റുകൾ കടന്നു കൂടിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കാർഡുടമകൾ സമർപ്പിച്ചിരുന്ന അപേക്ഷാ ഫോറത്തിലെ വിവരങ്ങളനുസരിച്ചാണ് ഡേറ്റാ എൻട്രി നടത്തിയത്. അക്ഷയ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ ഓൺലൈൻ ആയി റേഷൻകാർഡുമായി ബന്ധപ്പെട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ചേർക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്. റേഷൻ കാർഡിൽ എന്തെങ്കിലും തെറ്റുകൾ ഉള്ള പക്ഷം അവ തിരുത്തുന്നതിനായി, 15.11.2021 മുതൽ 15.12.2021 വരെ റേഷൻകടകളിൽ സ്ഥാപിച്ചിരുന്ന Drop Box മുഖേന അപേക്ഷ നൽകുന്നതിന് 'തെളിമ' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പാക്കിയിരുന്നു. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ ഈ പദ്ധതി നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത പിശകുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് എന്തെങ്കിലും അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ